HEADMASTERS' FORUM, TIRUR

SSLC മാതൃകാ പരീക്ഷ

ഫെബ്രുവരി 2022

ദിശ 22

# കേരളപാഠാവലി

## സെറ്റ് എ

**സമയം : ഒന്നരമണിക്കൂർ** **പരമാവധി സ്കോർ :40**

**നിർദ്ദേശങ്ങൾ**

* ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു നോക്കാനും മുൻഗണനാക്രമം തീരുമാനിച്ച് മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കാനും ആണ് ആദ്യത്തെ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുള്ളത്.
* ഭാഗം എ -യിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നുള്ളതും ഭാഗം ബിയിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയക്കു പുറത്തുനിന്നുള്ളതുമാണ്.
* ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം, ചോയ്സ് എന്നിവ പരിഗണിക്കണം.

---

## ഭാഗം I എ

**ഒന്നു മുതൽ ആറു വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് എഴുതുക. ഒരു മാർക്ക് വീതം. 4X1=4**

1. മാതൃകപോലെ എഴുതുക
   ഏവമോതിയിടരാർന്നു - ഏവം, ഓതി, ഇടർ, ആർന്നു
   ആരതെന്നുടനറിഞ്ഞു -

2. തീവണ്ടി മുറി - തീവണ്ടിയിലെ മുറി
   കാക്കക്കരച്ചിൽ -

3. "ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും?" - താപസിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?

4. "ഗുരുഘ്നാതികൾക്ക് കുലപാംസന ലോകങ്ങളില്ല" - ഇവിടെ ഗുരു എന്ന് ഉദ്ദേശിക്കുന്നതാരെ?
   a) ദുര്യോധനനെ
   b) വ്യാസനെ
   c) ദ്രോണരെ
   d) ഭീഷ്മരെ

5. സുമിത്രയുടെ മകൻ – സൗമിത്രി. വീരസേനന്റെ പുത്രൻ?
   a) വീരസേനി
   b) വീരസേനൻ
   c) വൈരസേനി
   d) വൈരസേനൻ

6. "ഒരു കഷ്ണം അപ്പം, ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള കൈലു കൂടി ആവശ്യമില്ല" - ഈ വാക്യത്തിൽ തെളിയുന്ന മെത്രാന്റെ സ്വഭാവ സവിശേഷത എന്ത് ?

a) ലാളിത്യം
b) സത്യസന്ധത
c) പരോപകാരം
d) ദയ

**ബി**

**7,8,9 ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക- ഒരു മാർക്കു വീതം 3X1=3**

7. "ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ " - തന്നിരിക്കുന്ന വരികളിലെ ഭാവമെന്ത്?

a) കോപം
b) ആത്മവിശ്വാസം
c) സങ്കടം
d) പേടി

8. "ദിവസം മുഴുവൻ അലഞ്ഞ് നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലു മുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?" - ശരൺകുമാർ ലിംബാളെയുടെ ഈ വരികളിൽ തെളിയുന്നതെന്ത്?

a) പ്രതീക്ഷ
b) പ്രതികാരം
c) പ്രതിഷേധം
d) പ്രസന്നത

9. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന ലോക പ്രശസ്ത ചിത്രം ആരുടേതാണ്?

a) ലിയനാർഡോ ഡാവിഞ്ചി
b) രാജാ രവിവർമ
c) വിൻസന്റ് വാൻഗോഘ്
d) കെ.സി.എസ് പണിക്കർ

**ഭാഗം II എ**

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക രണ്ട് മാർക്ക് 1X2=2**

10. മർത്യജൻമം ക്ഷണഭംഗുരമാണെന്ന് എഴുത്തച്ഛൻ സമർത്ഥിക്കുന്നതിന് രണ്ട് സൂചന കൾ എഴുതുക

**ബി**

**11,12 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം. 2×2=4**

11. "താത നീയിവരോടു
പൊറുക്കണമേ " യെന്ന്
പാതി കൂമ്പിയ കൺക -

ളിപ്പോഴും പ്രാർത്ഥിക്കുന്നു" (മൈക്കലാഞ്ജലോ മാപ്പ്)
- ഇങ്ങനെ പ്രാർത്ഥിക്കാനിടയായ സാഹചര്യമെന്ത്?

12. "മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞ് പറിഞ്ഞ് " (ഉരുളക്കിഴങ്ങ് തിന്നുന്നവർ)
- വാക്യത്തിൽ നിന്ന് വ്യക്തമാകുന്ന ആശയങ്ങൾ എന്തെല്ലാം ?

**ഭാഗം III എ**

**13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരംഎഴുതുക. മൂന്ന് മാർക്ക് വീതം. 3×3=9**

13. ദുഷ്യന്തന്റെയും ശകുന്തളയുടെയും പുന:സമാഗത്തെ ചന്ദ്രൻ രോഹിണിയോട് ചേർന്നതു പോലെയെന്ന് സാദൃശ്യപ്പെടുത്തിയതിന്റെ ഔചിത്യമെന്ത്?

14. "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്ന് പോകരുത്" - ഈ വാക്യത്തിലൂടെ മെത്രാൻ സൂചിപ്പിക്കുന്നതെന്ത്?

15. "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്ന് കൂട്ട നിലവിളി ഉയർന്നു" - കൂട്ട നിലവിളിയുടെ കാരണങ്ങൾ എന്തെല്ലാമാകാം ?

16. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"
വരികളുടെ ആശയം ലഘു കുറിപ്പായി എഴുതുക

**ബി**

**നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക (3 മാർക്ക് ) 1×3=3**

17. "ഘടികാരത്തിൽ നിന്ന് സമയം തുള്ളികളായി താഴേയ്ക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി" (ഉരുളക്കിഴങ്ങ് തിന്നുന്നവർ)
വീടിനകത്ത് ഉറഞ്ഞു കിടക്കുന്ന മൗനത്തിന്റെ തീവ്രത ഈ വാക്യത്തിൽ പ്രതിഫലിക്കുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക

**ഭാഗം IV എ**

**18 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 2×4=8**

18. "ചക്രവർത്തിയുടെ ജൻമമാണവർക്ക് . ആരുടെ മുമ്പിലും തല കുനിക്കില്ല" - വരികൾ മുൻനിർത്തി മിസിസ് തലത്തിന്റെ സ്വഭാവ സവിശേഷതകളും ജീവിതസാഹചര്യവും വിലയിരുത്തി കുറിപ്പ് തയാറാക്കുക

19. "ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതു പോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു -
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു"
എഴുത്തച്ഛന്റെ ഈ നിരീക്ഷണം ഇന്നും പ്രസക്തമാണോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

ദിശ

20. "തുവർത്തിൽ കെട്ടിയ കഞ്ഞിനനവ് കൈയിൽ തട്ടി. ഇനി നിനക്ക് തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. വെള്ളായിയപ്പ പൊതിയഴിച്ചു."
പൊതിച്ചോറിന് കഥയിലുള്ള സവിശേഷ സ്ഥാനം വ്യക്തമാക്കി കുറിപ്പ് തയാറാക്കുക

**ബി**

**21,22 ചോദ്യങ്ങളിൽ ഒന്നിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. നാലു മാർക്ക് 1X4=4**

21. "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുടുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു"
"വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷ്ണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ"
ദസ്തയേവ്സ്കിയുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വാക്യങ്ങളിൽ നിന്ന് തെളിയുന്നത് ?

22. "എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു " (അക്കർമാശി)
ശരൺകുമാർ ലിംബാളെ ഇങ്ങനെ പറയാനിടയായ സാഹചര്യം വിവരിക്കുക

**ഭാഗം V**

**23,24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 1X5=5**

23. "സമാഗമങ്ങൾ ആനന്ദക്കണ്ണീരിന്റേതു കൂടിയാണ് "
നളിനി - ദിവാകരൻ, ശകുന്തള - ദുഷ്യന്തൻ എന്നിവർ കണ്ടുമുട്ടുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രസ്താവനയുടെ ആശയവും പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക

24. "നൻമയുടെയും കാരുണ്യത്തിന്റെയും ആൾരൂപമാണ് പാവങ്ങളിലെ മെത്രാൻ
"സ്നേഹിതാ - മെത്രാൻ പറയാൻ തുടങ്ങി. നിങ്ങൾ പോകുന്നതിനു മുമ്പ് ഇതാ നിങ്ങളുടെ മെഴുകുതിരി ക്കാലുകൾ എടുക്കാം" (പാവങ്ങൾ)
പ്രസ്താവനയിലെ ആശയവും പാഠഭാഗ സന്ദർഭങ്ങളും പരിഗണിച്ച് മെത്രാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക